സ്വാമി ശരണം

# തിരുവിതാംകൂർ ദേവസ്വം ബോർഡ് പ്രൊസീഡിംഗ്സ്

## സംഗ്രഹം

**കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ മാറ്റിവച്ച ശമ്പളം - വിതരണം ചെയ്യുന്നത് - ഭേദഗതി -- ഉത്തരവ് പുറപ്പെടുവിക്കുന്നു.**

---

**ഉത്തരവ് നമ്പർ: ROC No. 3701/20/Est-I** നന്തൻകോട്, 10/03/2021

---

പരാമർശം :- 1) 04-05-202 ലെ ROC 3701/20/Est-1(ii) നമ്പർ ബോർഡുത്തരവ്
2) 04-01-2021 ലെ മേൽ നമ്പർ ബോർഡുത്തരവ്.
3) G.O(P) No: 43/2021/Fin dated 26-02-2021.

## ഉത്തരവ്

കോവിഡ് 19 ന്റെ പശ്ചാത്തലത്തിൽ ബോർഡിന്റെ സാമ്പത്തിക സ്ഥിതി കണക്കിലെടുത്ത് പരാമർശം 1 പ്രകാരം 2020 ഏപ്രിൽ മുതൽ ആഗസ്റ്റ് വരെയുള്ള 5 മാസങ്ങളിൽ ജീവനക്കാരുടെ ശമ്പളത്തിന്റെ 20 % വീതം (6 ദിവസത്തെ ശമ്പളം) വിതരണം ചെയ്യാതെ മാറ്റിവച്ചത്, വ്യവസ്ഥകളോട് കൂടി പ്രൊവിഡന്റ് ഫണ്ടിൽ ലയിപ്പിക്കുന്നതിനും വിതരണം ചെയ്യുന്നതിനും പരാമർശം 2 ബോർഡുത്തരവ് പുറപ്പെടുവിച്ചിരുന്നു.

പരാമർശം 3 സർക്കാർ ഉത്തരവിന്റെ അടിസ്ഥാനത്തിൽ മാറ്റിവച്ച ശമ്പളം വിതരണം ചെയ്യുന്നത് സംബന്ധിച്ച് പരാമർശം 2 ബോർഡുത്തരവിലെ 2, 3 ഭാഗം ചുവടെ വിവരിക്കും പ്രകാരം ഭേദഗതി ചെയ്ത് ബോർഡുത്തരവാകുന്നു.

2. പരാമർശം 1 പ്രകാരം ജീവനക്കാരുടെ മാറ്റിവച്ച ശമ്പളം 2021 ഏപ്രിൽ മാസം മുതൽക്കുള്ള ശമ്പളത്തോടൊപ്പം 5 തുല്യ ഗഡുക്കളായി നൽകുന്നതിന് അനുവദിക്കുന്നു.
3. പെൻഷൻകാരുടെ മാറ്റിവച്ച ശമ്പളം 2021 ഏപ്രിൽ 1 മുതൽക്കും, എംപ്ലോയ്മെന്റ് എക്സ്ചേഞ്ച് മുഖേന ക്ലാർക്ക് തസ്തികയിൽ താൽക്കാലികമായി ജോലി നോക്കിയിരുന്നവരുടെ മാറ്റിവച്ച ശമ്പളം 2021 ഏപ്രിൽ മാസത്തിന് ശേഷവും ഒന്നായി നൽകുന്നതിന് അനുവദിക്കുന്നു. സർവ്വീസിൽ തുടരുന്ന മറ്റ് താൽക്കാലിക വിഭാഗം ജീവനക്കാരുടെ മാറ്റിവച്ച ശമ്പളം 2021 ഏപ്രിൽ മാസം മുതൽക്കുള്ള ശമ്പളത്തോടൊപ്പം 5 തുല്യ ഗഡുക്കളായി നൽകുന്നതിന് അനുവദിക്കുന്നു.

(മറുപുറം)

പരാമർശം 2 ബോർഡുത്തരവ് മേൽ പ്രകാരം ഭേദഗതി ചെയ്തിരിക്കുന്നു.

തിരുവിതാംകൂർ ദേവസ്വം ബോർഡിനുവേണ്ടി

(ഒപ്പ്)
സെക്രട്ടറി

പകർപ്പ് :-

1. എല്ലാ ഡിപ്പാർട്ട്മെന്റ്/ആഫീസ് മേധാവികൾക്കും
2. ഇ.ഡി.പി. സെക്ഷൻ
3. മിനിറ്റ്സ് സെക്ഷൻ
4. സെക്ഷൻ ഫയൽ
5. ഫയൽ ബുക്ക്
6. ഫെയർ ആഫീസ് കോപ്പി.

അംഗീകാരത്തോടെ/പുറപ്പെടുവിക്കുന്നത്

അസിസ്റ്റന്റ് സെക്രട്ടറി

SK